**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 വർഷത്തെ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ എന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത് എന്നും വിശദമാക്കുമോ; | (എ) | 50% എം.എൽ.എ ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് ഒരു നിയോജക മണ്ഡലത്തിൽ ഒരു ഐസോലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കെട്ടിടത്തിനായി 1,31,65,248/- രൂപയും ഉപകരണങ്ങൾക്ക് 44,31,500/-രൂപയും ചേർത്ത് ആകെ 1,75,96,748/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏത് കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതെന്നും ആർക്കാണ് ഇതിന്റെ ചുമതലയെന്നും പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; | (ബി) | മാവേലിക്കര മണ്ഡലത്തിലെ എഫ്.എച്ച്.സി വള്ളിക്കുന്നത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരുന്നത്. കെ.എം.എസ്.സി.എൽ നിർവ്വഹണ ഏജൻസിയായ പ്രസ്തുത പദ്ധതിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. പ്രസ്തുത പദ്ധതിയുടെ super structure ഉൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും വകുപ്പ് തലത്തിലും നിരവധി യോഗങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 204** **10.06.2024 -ൽ മറുപടിക്ക്**

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

**ചോദ്യം**

ശ്രീ എം എസ് അരുൺ കുമാർ

**മറുപടി**

**വീണാ ജോർജ്**

(ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2021-22 വർഷത്തെ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ എന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത് എന്നും വിശദമാക്കുമോ; | (എ) | 50% എം.എൽ.എ ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് ഒരു നിയോജക മണ്ഡലത്തിൽ ഒരു ഐസോലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കെട്ടിടത്തിനായി 1,31,65,248/- രൂപയും ഉപകരണങ്ങൾക്ക് 44,31,500/-രൂപയും ചേർത്ത് ആകെ 1,75,96,748/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏത് കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതെന്നും ആർക്കാണ് ഇതിന്റെ ചുമതലയെന്നും പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; | (ബി) | മാവേലിക്കര മണ്ഡലത്തിലെ എഫ്.എച്ച്.സി വള്ളിക്കുന്നത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരെഞ്ഞെടുത്തിരുന്നത്.<br>കെ.എം.എസ്.സി.എൽ നിർവ്വഹണ ഏജൻസിയായ പ്രസ്തുത പദ്ധതിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. പ്രസ്തുത പദ്ധതിയുടെ super structure ഉൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും വകുപ്പ് തലത്തിലും നിരവധി യോഗങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**